(ജി) വിദ്യാർത്ഥികളുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പാഠപുസ്തകങ്ങൾ കാലതാമസം കൂടാതെ പ്രിന്റ് ചെയ്യാനും ടെക്സ്റ്റ് ബുക്ക് ഡിപ്പോകളിൽ എത്തിക്കാനും നടപടിയെടുക്കാമോ ?

ഉത്തരം

(എ) ഏകദേശം 300 ലക്ഷത്തോളം പാഠപുസ്തകങ്ങൾ.

(ബി) കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി, കേരള സ്റ്റേറ്റ് ഓഡിയോവിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ, സർക്കാർ പ്രസ്സുകൾ, സ്വകാര്യ പ്രസ്സുകൾ എന്നിവിടങ്ങളിലാണ് പാഠപുസ്തകങ്ങൾ അച്ചടിക്കുന്നത്.

(സി) അല്ല.

(ഡി) കൺട്രോളർ ഓഫ് സ്റ്റേഷനറി ടെന്റർ ക്ഷണിച്ച് സ്വീകാര്യമായ ദർഘാസുകൾ സമർപ്പിക്കുന്നവരെ ഡിപ്പാർട്ടുമെന്റൽ പർച്ചേസ് കമ്മിറ്റി യോഗം കൂടി തിരഞ്ഞെടുത്ത് അവരിൽനിന്നും പേപ്പർ വാങ്ങുന്നു.

(ഇ) 1999-2000 അദ്ധ്യയനവർഷത്തേയ്ക്കാവശ്യമായ പേപ്പർ 1999 ജനുവരി മുതൽ സെപ്റ്റംബർ വരെയുള്ള സമയത്താണ് ലഭിച്ചത്.

(എഫ്) ഈ കടലാസ് മറ്റൊരുകാര്യത്തിനും വിനിയോഗിക്കാറില്ല. എന്നാൽ വളരെ ചെറിയ ഒരു ഭാഗം വിദ്യാഭ്യാസവകുപ്പു പ്രസിദ്ധീകരണമായ വിദ്യാരംഗം മാസികയുടെ അച്ചടിക്ക് ഉപയോഗിച്ചിട്ടുണ്ട്.

(ജി) 2000-2001 അദ്ധ്യയനവർഷത്തേയ്ക്ക് ആവശ്യമായ പാഠപുസ്തകങ്ങളുടെ അച്ചടി ത്വരിതഗതിയിൽ നടന്നുവരുന്നു. വിദ്യാലയവർഷാരംഭത്തിന് മുമ്പായി അവ ടെക്സ്റ്റ് ബുക്ക് ഡിപ്പോകളിൽ എത്തിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അദ്ധ്യാപകർക്കായി എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ അദ്ധ്യാപന സഹായി

27 (2007) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകർക്കായി എസ്.സി.ഇ.ആർ.ടി. എന്തെല്ലാം അദ്ധ്യാപനസഹായികൾ തയ്യാറാക്കിയിട്ടുണ്ട് ;

(ബി) ഇതിനായി പ്രതിവർഷം എന്തു തുക വീതം ചെലവഴിക്കുന്നുണ്ട് ;

(സി) എം.ബി.എസ്.യൂത്ത് കയർവഴി 'മാനവഗീതങ്ങൾ' എന്ന കാസറ്റ് അദ്ധ്യാപന സഹായിയായി തയ്യാറാക്കിയിട്ടുണ്ടോ ; ഇതിനായി എന്തു തുക ചെലവഴിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകർക്കായി 1 മുതൽ 6 വരെ ക്ലാസ്സുകളിലെ അദ്ധ്യാപകസഹായികൾ തയ്യാറാക്കിയിട്ടുണ്ട്. 7-ാം തരത്തിലെ അദ്ധ്യാപകസഹായി തയ്യാറാക്കി വരുന്നു.

(ബി) ഓരോവർഷവും ഓരോ ക്ലാസ്സിലെ ഹാൻഡ് ബുക്ക് ആണ് തയ്യാറാക്കുന്നത്. ഒരു ക്ലാസ്സിലെ ഒരു വിഷയത്തിന്റെ ഹാൻഡ് ബുക്ക് തയ്യാറാക്കുന്നതിന് ഉദ്ദേശം 2 ലക്ഷം രൂപ ചെലവുവരും. കഴിഞ്ഞ വർഷം മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, കന്നട, അറബിക്, ഉറുദു, സംസ്കൃതം, സോഷ്യൽ സയൻസ്, സയൻസ്, കണക്ക് തുടങ്ങിയവയ്ക്ക് ഏകദേശം 22 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(സി) തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി എൺപതിനായിരത്തോളം രൂപ ചെലവായി.

കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട്

28 (2008) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടനുസരിച്ച് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് രക്ഷാകർത്താക്കൾക്ക് നിശ്ചയിച്ചിട്ടുള്ള വരുമാന പരിധിയെത്രയാണ് ;

(ബി) ഈ പരിധിയനുസരിച്ച് ശമ്പളപരിഷ്ക്കാരത്തിന് ശേഷം ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കാനുള്ള സാധ്യത ചുരുങ്ങിയിട്ടുണ്ടെന്ന് ഗവൺമെന്റ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ വരുമാന പരിധി എന്നാണ് നിശ്ചയിച്ചത് ;

(ഡി) ഈ പരിധി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ എന്നേയ്ക്ക് ഈ പരിധി വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് നിലവിൽ വരുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സ്റ്റൈപ്പന്റ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കുള്ള വരുമാനപരിധി 36000 രൂപയും സ്റ്റൈപ്പന്റ് ഒഴികെയുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കുള്ള വരുമാനപരിധി 42000 രൂപയുമാണ്. സംവരണത്തിന് നിശ്ചയിച്ചിട്ടുള്ള വരുമാനപരിധി 1,50,000 രൂപയാണ്.

(ബി) ഇല്ല.

(സി) ഈ വരുമാനപരിധി 1994-ൽ നിശ്ചയിച്ചിട്ടുള്ളതാണ്.

(ഡി) പരിഗണിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly